X1 /13/3/2011

**Series RHB**

**Code No. 12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **4** questions.
- **Please write down the Serial Number of the question before attempting it.**
- 15 minutes time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer script during this period.

## SUMMATIVE ASSESSMENT – II

# MALAYALAM
# മലയാളം

*Time allowed : 3 hours* | *Maximum Marks : 80*
*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 80*

### SECTION A / A വിഭാഗം

**1.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *8*

സഹിതമായതാണല്ലോ സാഹിത്യം. സാഹിത്യത്തിന്റെ സ്വരൂപഘടനയെ നിർണ്ണയിക്കുന്നത് ആശയവിനിമയോപാധിയായ ഭാഷയുടെ തന്നെ ശൈലീവൽകൃതമായ വിന്യാസമാണെന്നു കാണാം. ഭാഷ ആന്തിരികവും അതിന്റെ മുഖ്യസവിശേഷത സൃഷ്ട്യുന്മുഖത്വവുമാണ്. ഏതൊരു എഴുത്തുകാരനേയും

അയാളുടെ സ്ഥലത്തിലും കാലത്തിലുമായി അടയാളപ്പെടുത്തുന്നതിന്റെ അടിസ്ഥാനം ഭാഷാശേഷിയാണ്. എവിടേയും ഏതൊരു ഭാഷയിലുമുണ്ടായിട്ടുള്ള ആഖ്യാന മാതൃകകളെ അവയുടെ ഭാഷാഘടനയുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ചുകൊണ്ടാണ് പുതിയ പുതിയ വ്യഖ്യാനങ്ങൾ രൂപപ്പെടുന്നത്. അങ്ങനെ ആഖ്യാനവും വ്യാഖ്യാനവും പരസ്പര പൂരകമാകുന്നു. രചനയെന്ന ക്രിയ അതിന്റെ ഫലപൂർണ്ണത നേടുന്നത് ആസ്വാദനപ്രക്രിയ നടക്കുമ്പോൾ മാത്രമാണ്. അതുകൊണ്ട് ക്ലാസ്സിക് കാലങ്ങളിൽ വ്യാഖ്യാതാക്കൾക്ക് പ്രമുഖമായ ഒരു സ്ഥാനമുണ്ടായിരുന്നു.

(i) സാഹിത്യത്തിന്റെ സ്വരൂപഘടനയെ നിർണ്ണയിക്കുന്നത് എന്താണ് ? 2

(ii) ആഖ്യാനവും വ്യാഖ്യാനവും പരസ്പര പൂരകമാണെന്ന് പറയുന്നതെന്തുകൊണ്ട് ? 2

(iii) രചന ഫലപൂർണ്ണതയിലെത്തുന്നതെപ്പോഴാണ് ? 2

(iv) ഈഖണ്ഡികയ്ക്കു ഉചിതമായ ഒരു ശീർഷകം നൽകുക. 2

## SECTION B / B വിഭാഗം

**2.** (i) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക : 7

(a) പുതിത സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ ചെലുത്തുന്ന സ്വാധീനം

(b) മാധ്യമങ്ങൾക്ക് ആധുനികയുഗത്തിലുള്ള പ്രാധാന്യം

(c) വായനാശീലം വിദ്യാർത്ഥികളിൽ

(ii) നഗരത്തിലെ മാലിന്യപ്രശ്നം അധികൃതരുടെ ശ്രദ്ധയിൽപെടുത്തുന്ന രീതിയിലുള്ള ഫീച്ചർ പ്രസിദ്ധികരിച്ചതിൽ അഭിനന്ദിച്ചുകൊണ്ട് പത്രാധിപർക്ക് ഒരു കത്തെഴുതുക. 7

## SECTION C / C വിഭാഗം

3. (i) പ്രയോഗം മാററുക — 1

അയാൾ അവളുടെ കണ്ണുനീരും ശരീരത്തിൽ പററിയ അഴുക്കും തൂത്തു കളഞ്ഞു.

(ii) അർത്ഥ വ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാററുക. — 1

'വിഷാദത്തിന്റെ കരിനീലത്തടാകത്തിൽ' എറിയുന്ന ബഷീർ പ്രകൃതിയുടെ അനുഗ്രഹശക്തിയിലും വിശ്വസിക്കുന്നു.

(iii) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക — 1

ഈ മതപ്പോരിന് അവസാനമുണ്ടാകണമെങ്കിൽ സമബുദ്ധിയോടുകുടി എല്ലാ മതങ്ങളും എല്ലാവരും പഠിക്കണം.

(iv) അന്വാഖ്യാനരൂപത്തിലാക്കുക — 1

അടുത്തുനിന്ന ചെറുക്കനോട് അവൾ ചോദിച്ചു :
"നീ അറിയ്യോ അയാളെ ?"

(v) പിരിച്ചെഴുതിസന്ധി നിർണ്ണയിക്കുക — 2

(a) കണ്ണീർ

(b) ചേതോവികാരം

(vi) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക — 2

(a) ഗാഢാശ്ലേഷം

(b) പൊൻപട്ടം

(vii) (a) പര്യായപദങ്ങൾ എടുത്തെഴുതുക

(1) ചെവി — 1

(ശീർഷണ്യം, ശ്രവസ്സ്, പാദുകം, കർണ്ണം)

(2) വേദം — 1

(ആമ്നായം, ഗരളം, ധിഷണ, നിഗമം)

(b) നാനാർത്ഥപദങ്ങൾ എടുത്തെഴുതുക

(1) വരണം *1*

(എത്തിച്ചേരണം, കീർത്തി, ഹാരം, വിവാഹം)

(2) വർഷം *1*

(സന്തോഷം, മഴ, മദം, ആണ്ട്)

(c) വിപരീതപദമെഴുതുക

(1) ശീഘ്രം *1*

(ഭംഗുരം, വൃദ്ധി, മന്ദം, വേഗം)

(2) സങ്കുചിതം *1*

(വികസിതം, വികസ്വരം, സംഹാരം, കഠിനം)

(d) പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക

(1) രദം - രഥം *1*

(ശുദ്ധി, വാഹനം, വായു, ചക്രം, പല്ല്, തേര്)

(2) അഭിരാമം - അവിരാമം *1*

(നിർത്തലില്ലാത്തത്, സന്തോഷം, പൂന്തോട്ടം, അടുത്തറിയുന്നത്, കൂടെപ്പോകുന്നത്, മനോഹരം)

(e) എതിർലിംഗപദമെഴുതുക

(1) യാചകൻ *1*

(യാചിക, യാചകി, യാചികി, യാചി)

(2) കവി *1*

(കവയിത്രി, കവിയിത്രി, കവയത്രി, കവിണി)

## SECTION D / D വിഭാഗം

**4.** (i) ശരിയായ ഉത്തരം എടുത്തെഴുതുക $8\times\frac{1}{2}=4$

(a) "അഖിലരുമാത് മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപി ചെയ്തിടുന്നു
ജഗതിയിലമ്മതമേകമെന്നു ചിന്തി-
ച്ചഘമണയാതകതാരമർന്നിടേണം"

ഏതു കവിതയിലെ വരികളാണിവ ?

(ദർശനമാല, ജാതിനിർണ്ണയം, ശിവശതകം, മതമീമാംസ)

(b) "നമ്മളെ വിഷാദത്തിന്റെ കരിനീലത്തടാകത്തിൽ എറിയുന്നബഷീർ പ്രകൃതിയുടെ അനുഗ്രഹശക്തിയിലും വിശ്വസിക്കുന്നു" ആരുടെ വാക്കുകളാണിത് ?

(യു. എ ഖാദറിന്റെ, എം. പി പോളിന്റെ, എം. കൃഷ്ണൻനായരുടെ, കുട്ടികൃഷ്ണമാരാരുടെ)

(c) "അവളുടെ വരണ്ട ചുണ്ടിൽ പുഞ്ചിരി മൊട്ടിട്ടു" പുഞ്ചിരി മൊട്ടിട്ടതെപ്പോൾ ?

(ഓടയിൽ നിന്നും വാരിയെടുത്തപ്പോൾ, അരിയും ഉപ്പും മുളകും വാങ്ങിക്കൊടുത്തപ്പോൾ, പഴം വാങ്ങി കൈയിൽ കൊടുത്തപ്പോൾ, നാളെവരുമോ എന്ന്ചോദിച്ചപ്പോൾ)

(d) മർത്യമാനസങ്ങളെ ഭ്രാന്തുപിടിപ്പിച്ച് ജീവിതത്തിൽ ദുരിതങ്ങൾ സൃഷ്ടിക്കുന്ന മതാന്ധത തീണ്ടാതിരിക്കാനുള്ള സംരക്ഷണമായി ശ്രീനാരായണഗുരു നിർദേശിക്കുന്നത് എന്ത് ?

(ഓരോരുത്തരും സ്വന്തം മതം ആഴത്തിൽ പഠിക്കുക, ഒരു മതത്തിലും വിശ്വസിക്കാതിരിക്കുക, വിശാലമായ ഏകമതവീക്ഷണം ഉണ്ടാക്കുക, സർവ്വമതസമ്മേളനം വിളിച്ചുകൂട്ടുക)

(e) ‘എല്ലാമാ, മാകുന്നതു ചെയ്താലും മടിക്കേണ്ട’ ഇങ്ങനെ പറഞ്ഞതാര് ?
(ജനകൻ, വിശ്വാമിത്രൻ, വസിഷ്ഠൻ, ശ്രീരാമൻ)

(f) ‘വായന’ എന്ന കവിത താഴെ കൊടുത്തവയിൽ ഏതു വിഭാഗത്തിൽ ഉൾപ്പെടുത്താം ?
(മുക്തകം, നിരർത്ഥകകവിത, കാർട്ടൂൺ കവിത, ഹാസ്യകവിത)

(g) “വഴിവെട്ടുന്നവരോട്” എന്ന കവിതയിൽ പെരുവഴിയായി കവി സൂചിപ്പിക്കുന്നത് എന്ത് ?
(പുതിയ കാഴ്ചപ്പാടുകൾ, വിശാലമായ ചിന്തകൾ, അപകടം പതിയിരിക്കുന്ന കൊടും കാട്, പാരമ്പര്യമായി തുടരുന്ന ശീലങ്ങൾ)

(h) ആധുനിക മലയാളഭാഷയുടെ പിതാവ് എന്നു വിശേഷിപ്പിക്കപ്പെടുന്ന കവി ആര് ?
(ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, കുമാരനാശൻ)

(ii) ഉത്തരമെഴുതുക

(a) “എന്തുചെയ്യട്ടെ അവരുടെ അഭിലാഷം പോലെയാണോ ജീവിതത്തിന്റെ പോക്ക്.” ലേഖകൻ ഇവിടെ സൂചിപ്പിക്കുന്നതെന്ത് ? വിശദമാക്കുക. 3

(b) അന്നാദ്യമായി അയാൾക്കൊരു നാളെയുണ്ടായി ആർക്ക് സന്ദർഭവും ആശയവും വ്യക്തമാക്കുക. 3

(c) ബുദ്ധന് ബുദ്ധമതം കൊണ്ടു പ്രയോജനമുണ്ടോ എന്ന ശ്രീനാരായണഗുരുവിന്റെ ചോദ്യത്തിന് അടിസ്ഥാനമെന്ത് ? 3

(d) നോവൽ രചനയിൽ ബഷീറിന്റെ രീതി എന്താണ് ? 3

iii) (a) സീതാദേവി വരണമാല്യം ചാർത്താനായി ശ്രീരാമന്റെ അരികിലെത്തുന്ന ഭാഗം കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ? 3

(b) പുതുവഴിവെട്ടുന്നവർ എങ്ങനെയാണ് സ്വീകരിക്കപ്പെടുക. 3

(c) 'വായനയില്ലാതായില്ല എന്നതിലെഴുതിയിരിക്കുന്നു' ഏതിൽ ? ഇവിടെ കവി സൂചിപ്പിക്കുന്നതെന്ത് ? 3

(d) "ഇരുവഴിയിൽ പെരുവഴി നല്ലു
പെരുവഴിയേ പോ ചങ്ങാതി"
സന്ദർഭവും അലങ്കാരവും വിശദമാക്കുക. 3

iv) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക : 2×6=12

(a) മൃതസഞ്ജീവനി എന്ന ശീർഷകം ഈ കഥയ്ക്ക് എത്രമാത്രം അനുയോജ്യമായിരിക്കുന്നുവെന്ന് പരിശോധിക്കുക ?

(b) ഹരിപ്രിയമരണത്തെ അതിജീവിച്ചതെങ്ങനെ ?

(c) കപ്പിത്താനെ അപ്പു രക്ഷപ്പെടുത്തിയതെങ്ങനെ ?